# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

''ഇ- പഞ്ചായത്ത്'' പദ്ധതി

1771 ശ്രീ. വർക്കല കഹാർ
,, അൻവർ സാദത്ത്
,, വി.റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''ഇ- പഞ്ചായത്ത്'' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പഞ്ചായത്തുകളിലെ സേവന സംവിധാനങ്ങൾ വർദ്ധിപ്പിക്കാൻ, എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ നിർവ്വഹണയൂണിറ്റുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി, എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

## 12–ാം പഞ്ചവത്സരപദ്ധതി നിർവ്വഹണം

1772 ശ്രീ. പാലോട് രവി
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ, 12–ാം പഞ്ചവൽസര പദ്ധതി നിർവ്വഹണത്തിന്, എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ;

(ബി) പഞ്ചായത്തുകൾ ഇതുവരെ എത്ര പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതികളുടെ പരിശോധന സംബന്ധിച്ച് വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ഡി) പദ്ധതി നിർവ്വഹണം സംബന്ധിച്ച് പഞ്ചായത്തുകൾക്ക് ഇൻസെന്റീവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

'നല്ല നാട്, നല്ല വെള്ളം' പദ്ധതി

1773 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നല്ല നാട്, നല്ല വെള്ളം' പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച പ്രധാന പ്രചാരണ പരിപാടികൾ എന്തെല്ലാം?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ പദ്ധതികൾ</u>

1774 ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. മാത്യൂ റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ 2012-13 സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നതിലുണ്ടായ കാലതാമസത്തെപ്പറ്റി അന്വേഷണം നടത്തുമോ;

(ബി) 2012 ഡിസംബർ 31 വരെ പദ്ധതിയുടെ ചെലവിനത്തിൽ, എത്ര ശതമാനം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിക്കുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ നിർവ്വഹണത്തിൽവന്ന വീഴ്ചകളുടെ ഉത്തരവാദിത്തം ആർക്കാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം

1775 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി.യു കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്, എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും കൂടുതൽ ജീവനക്കാരെ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

1776 ശ്രീ. ഹൈബി ഈഡൻ
,, എം. എ. വാഹീദ്
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(ബി) മിഷന്റെ നിർവ്വഹണം സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മാനദണ്ഡം അനുസരിച്ച് നിർവ്വഹണം നടത്തേണ്ട ചുമതല ആർക്കായിരുന്നു;

(ഡി) മുൻസർക്കാരിന്റെ കാലത്ത് പ്രസ്തുത മാനദണ്ഡങ്ങൾ ലംഘിച്ചാണ് മിഷന്റെ നിർവ്വഹണം കുടുംബശ്രീയെ ഏൽപ്പിച്ചത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ഗ്രാമീണ ഉപജീവനമിഷൻ രൂപീകരണം</u>

1777 ശ്രീ. കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ ഉപജീവനമിഷൻ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുതമിഷന്റെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുതനിർദ്ദേശങ്ങളിന്മേലുള്ള കേന്ദ്രനിലപാട് എന്താണ്; വിശദാംശങ്ങൾ എന്തെല്ലാമെന്നു വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>തദ്ദേശഭരണ സ്ഥാപനങ്ങളിലെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതികൾ</u>

1778 ശ്രീ. അൻവർ സാദത്ത്
,, ബെന്നി ബഹനാൻ
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതികൾ, ഈ വർഷം തന്നെ തയ്യാറാക്കാൻ, എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിലൂടെ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് സംബന്ധിച്ച് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതികളും ബഡ്ജറ്റ് പദ്ധതികളും തമ്മിൽ ഏകോപനം ഉണ്ടാക്കാൻ ഇത് എത്രമാത്രം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ീ

**<u>തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിന് ലഭിച്ച സമയം</u>**

1779 ഡോ: ടി. എം. തോമസ് ഐസക്
ശ്രീ. പി. കെ. ഗുരുദാസൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾക്ക് തന്നാണ്ടിൽ പദ്ധതിനിർവ്വഹണത്തിന് ലഭിച്ച സമയം പര്യാപ്തമാണോ;

(ബി) ഇപ്പോൾ അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കുന്നതിനു മുമ്പ് സാങ്കേതിക അനുമതി വാങ്ങേണ്ടതായിട്ടുണ്ടോ; സാങ്കേതിക അനുമതിനൽകുന്നത് ആരാണ്; വിശദമാക്കുമോ;

(സി) എത്ര ലക്ഷം തുകവരെയുള്ള പദ്ധതികൾക്ക് ടെണ്ടർ വിളിക്കേണ്ടതില്ല; കോൺട്രാക്ടർമാരും പഞ്ചായത്ത് ഉദ്യോഗസ്ഥന്മാരും ചേർന്നുണ്ടാകുന്ന കെടുകാര്യസ്ഥതയിലേക്ക് ഈ വർഷം പദ്ധതികൾ മാറുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനെല്ലാം ഇടയാക്കിയ സാഹചര്യം എന്തായിരുന്നു എന്ന് പരിശോധിക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് വിഹിതം

1780 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തികവർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ആകെ ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു; പ്രസ്തുത തുക എത്രഘട്ടങ്ങളിലായി തദ്ദേശസ്വയംഭരണ വകുപ്പുകൾക്ക് അനുവദിക്കുയുണ്ടായി എന്നും ഏതെല്ലാം തീയതികളിലായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) 2012-13-ലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചത് ഏത് തീയതിയിലായിരുന്നു;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവർ സമർപ്പിച്ച പദ്ധതികൾക്ക് ഏത് തീയതിവരെ അനുമതി നൽകുകയുണ്ടായി; ഏറ്റവും ഒടുവിൽ പദ്ധതിക്ക് അനുമതി നൽകിയത് ഏത് തീയതിയിലായിരുന്നു;

(ഡി) പദ്ധതി നിർവ്വഹണത്തിനായി തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിച്ച സമയം എത്രയായിരുന്നു;

(ഇ) ഏറ്റവും ഒടുവിലത്തെ കണക്കുകൾപ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയ തദ്ദേശസ്ഥാപനങ്ങൾക്കുള്ള മൊത്തം തുകയിൽ എത്ര തുക ചെലവഴിക്കപ്പെടുകയുണ്ടായി ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

2012 –13 വര്‍ഷത്തില്‍ പദ്ധതി നിര്‍വ്വഹണത്തിനനുവദിച്ച തുക

1781 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012 –13 സാമ്പത്തികവര്‍ഷത്തില്‍, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിര്‍വ്വഹണത്തിനായി, എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതില്‍, എത്ര തുകയാണ് 2013 ജനുവരി 31 വരെ ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) 2012 –13 സാമ്പത്തികവര്‍ഷത്തെ പദ്ധതി പ്രോജക്ടുകള്‍ക്ക് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്കും അംഗീകാരം ലഭിച്ചിട്ടുണ്ടോ; എത്ര സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളാണ് അംഗീകരിച്ചത്; അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണവും അടങ്കല്‍ തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇനിയും പ്രോജക്ടുകള്‍ സമര്‍പ്പിച്ചിട്ടില്ലാത്തതെന്ന് വ്യക്തമാക്കുമോ; ജില്ലതിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ഇ) അംഗീകാരം ലഭിച്ച പ്രോജക്ടുകളില്‍, പട്ടികജാതി/പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്കായുള്ള പ്രോജക്ടുകളുടെ എണ്ണവും അടങ്കല്‍ തുകയും എത്രയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

2012-13 ലെ ബഡ്ജറ്റിൽ പഞ്ചായത്തു വകുപ്പിനു കീഴിൽ വകയിരുത്തിയ പദ്ധതി-പദ്ധതിയേതര തുക

1782 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ ബഡ്ജറ്റിൽ പഞ്ചായത്തു വകുപ്പിനു കീഴിൽ ഓരോ ഇനത്തിലും വകയിരുത്തിയ പദ്ധതി-പദ്ധതിയേതര തുകയും ഇതുവരെയുള്ള ചെലവു വിവര പട്ടികയും നൽകാമോ;

(ബി) 2012-13 സാമ്പത്തിക വർഷം പഞ്ചായത്ത് വകുപ്പിൽ അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ മാറ്റങ്ങൾ</u>

1783 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജൂൺ 15 ന് പുറത്തിറക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ, മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം പ്രധാനപ്പെട്ട മാറ്റങ്ങളാണ് വരുത്തിയിട്ടുളളത്;

(സി) മാറ്റങ്ങൾ വരുത്താനുളള കാരണങ്ങൾ എന്തൊക്കെയാണ്;

(ഡി) മാർഗ്ഗനിർദ്ദേശത്തിലെ മാറ്റം പദ്ധതി രൂപീകരണത്തെ ബാധിച്ചിട്ടുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പ്

1784 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിനായി 2012 –2013 സാമ്പത്തിക വര്‍ഷത്തില്‍ എത്ര രൂപ അനുവദിച്ചു എന്നും ആകെ എത്ര രൂപ ചെലവഴിച്ചുവെന്നും വിശദമാക്കുമോ ;

(ബി) പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്തുകള്‍ക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പദ്ധതികള്‍ സമയബന്ധിതമായി പൂര്‍ത്തിയാക്കുന്നതില്‍ ഗ്രാമപഞ്ചായത്തുകള്‍ വീഴ്ച വരുത്തിയിട്ടുണ്ടോ ?

**കേരള നിയമസഭ**
**11.02.2013–ലെ മറുപടിക്ക്**

<u>ഗ്രാമപഞ്ചായത്തുകളിലെ പദ്ധതിച്ചെലവ്</u>

1785 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതിപ്രവർത്തനത്തിനായി, എത്ര കോടി രൂപയാണ് അനുവദിച്ചത്;

(ബി) നാളിതുവരെ, ഗ്രാമപഞ്ചായത്തുകൾ എത്ര കോടി രൂപ ചെലവഴിച്ചു;

(സി) ചെലവിന്റെ ശതമാനം എത്രയാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

1786 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഗ്രാമപഞ്ചായത്തുകളിലെ ജോലിഭാരം കുറയ്ക്കുന്നതിനും മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത പഞ്ചായത്തുകൾക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ ഇ- ഗവേണൻസ്</u>

1787 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിലെ പഞ്ചായത്തുകളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ഹരിത ഗ്രാമം - ശുചിത്വഗ്രാമം പദ്ധതി

1788 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹരിതഗ്രാമം- ശുചിത്വ ഗ്രാമം പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷത്തിൽ, ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയതും കൂടുതൽ തുക ചെലവഴിച്ചതും ഏത് ജില്ലയിലെ, ഏത് പഞ്ചായത്ത് എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ലോക്കൽ സെൽഫ് ഗവൺമെന്റ് ഡെലിവറി പ്രോജക്ട്</u>

1789 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വാർഷിക ബഡ്ജറ്റിൽ വിഭാവനം ചെയ്ത ലോക്കൽ സെൽഫ് ഗവൺമെന്റ് ഡെലിവറി പ്രോജക്ട്, സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ വിശദാംശങ്ങളും പ്രോജക്ട് പ്രകാരം നടപ്പിലാക്കിയ കാര്യങ്ങളും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രോജക്ട് പ്രകാരം നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം</u>

1790 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം ഏത് ഘട്ടംവരെയായി;

(ബി) ഇതിനകം എത്ര ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടറിന്റെ സേവനം ലഭ്യമായി തുടങ്ങി; വിശദാംശം ലഭ്യമാക്കുമോ;

(സി) കമ്പ്യൂട്ടറിന്റെ സേവനം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>പുതിയ പഞ്ചായത്തുകൾ</u>

1791 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, പുതിയ പഞ്ചായത്തുകൾ രൂപികരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) വില്ലേജ് അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളിലെ പൊതു ശ്മശാനങ്ങൾ

1792 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ പൊതു ശ്മശാനങ്ങൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ, ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ഇതിനായി ഫണ്ട് അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ, എത്ര;

(സി) പൊതു ശ്മശാന നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

പൊതു ശ്മശാനങ്ങളുടെ നിർമ്മാണം

1793 ശ്രീമതി പി.അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതു സ്മശാനങ്ങളുടെ നിർമ്മാണത്തിന് അനുവദിക്കുന്ന തുക എത്രയാണ്;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട് അംഗീകാരം ലഭിച്ചാൽ മാത്രമേ പ്രസ്തുത തുക അനുവദിക്കുകയുള്ളൂവെന്ന് വ്യവസ്ഥ യുണ്ടോ;

(സി) പൊതുശ്മശാനങ്ങളുടെ നിർമ്മാണത്തിന് സർക്കാർ അംഗീകരിച്ച സ്വകാര്യ ഏജൻസികൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടു ത്തുമോ;

(ഡി) സർക്കാർ അംഗീകൃത സ്വകാര്യ ഏജൻസികൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് സഹായം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>ശാസ്ത്രീയ സംവിധാനമുള്ള അറവുശാലകൾ</u>

1794 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ശാസ്ത്രീയ സംവിധാനത്തോടു കൂടിയ എത്ര അറവുശാലകൾ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) അറവുശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ശാസ്ത്രീയ സംവിധാനത്തോടെയുള്ള അറവുശാലകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>മാംസം വിപണനശൃംഖല വിപുലീകരണ പദ്ധതി</u>

1795 ശ്രീ. എം. ഉമ്മർ
,, പി. ബി. അബ്ദുൾ റസാക്
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കുടുംബശ്രീകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും സഹകരണത്തോടെ മാംസ വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം നല്കുമോ;

(ബി) ആയതിലേയ്ക്ക് നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(ഡി) പ്രസ്തുത തുക, എത്ര ശതമാനം വിനിയോഗിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>വീടുകളിലെ മാലിന്യം ഉറവിടത്തിൽ സംസ്ക്കരിക്കുന്നതിന് പ്രോത്സാഹനം</u>

1796 ശ്രീ. സണ്ണി ജോസഫ്
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വീടുകളിൽ മാലിന്യം ഉറവിടത്തിൽതന്നെ സംസ്ക്കരിക്കുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) മാലിന്യസംസ്കരണം നടത്തുന്നവർക്ക് കെട്ടിട നികുതിയിൽ ഇളവ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇക്കാര്യത്തിൽ ഇളവുകൾ നൽകാനുള്ള അധികാരം ആർക്കാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ടോയ്‌ലറ്റ് ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം</u>

1797 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചമ്പക്കുളം - നെടുമുടി കൈനകരി ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വ മിഷന്റെ കീഴിൽ ടോയ്‌ലറ്റ് ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്ക് നിർവ്വഹണ ഏജൻസിയെയും അനുയോജ്യമായ സാങ്കേതിക വിദ്യയും കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, വിശദാംശം ലഭ്യമാക്കുമോ;

(സി) ഇക്കോസാൻ ടോയ്‌ലെറ്റുകൾക്ക് പകരം ഫെറോസിമെന്റ് ടാങ്കുകളുടെ ടോയ്‌ലെറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ഗ്രീൻ ടെക്നോളജി സെന്റർ</u>

1798 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൗമശാസ്ത്ര പഠനകേന്ദ്രത്തിന്റെ സഹകരണത്തോടെ 'സീറോ വേസ്റ്റ്' കർമ്മപരിപാടി പ്രോത്സാഹിപ്പിക്കുന്നതിനായി എത്ര പഞ്ചായത്തുകളിൽ കൂടി ഗ്രീൻ ടെക്നോളജി സെന്റർ നടപ്പുവർഷം സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു;

(ബി) നടപ്പുവർഷം പുതുതായി ഇതിനകം സ്ഥാപിക്കപ്പെട്ടവ എത്ര;

(സി) അടുത്ത വർഷം പുതുതായി എത്ര പഞ്ചായത്തുകളിൽ പ്രസ്തുത സെന്റർ സ്ഥാപിക്കും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

## കണ്ണൂർ ജില്ലയിലെ സമ്പൂർണ്ണ ശുചിത്വയജ്ഞം പദ്ധതിയുടെ പ്രവർത്തനം

1799 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ശുചിത്വയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി 2011–12–ലും 2012–2013–ലും കണ്ണൂർ ജില്ലയിൽ എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയെന്നും എത്ര തുക ലഭ്യമാക്കിയെന്നും വെളിപ്പെടുത്തുമോ;

(ബി) സമ്പൂർണ്ണ ശുചിത്വയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ നഗരസഭകളിലും നഗരപ്രാന്ത പഞ്ചായത്തുകളിലും എന്തെല്ലാം പദ്ധതികളാണ് ഇതിനോടകം ആരംഭിച്ചതെന്നും ഓരോ പദ്ധതിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഓരോ പദ്ധതിക്കുമായി ലഭ്യമാക്കിയ ഫണ്ട് എത്രയെന്നും വ്യക്തമാക്കുമോ;

(സി) ജില്ലയിലെ മാർക്കറ്റുകളിൽ മാലിന്യസംസ്കരണത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം വീട് ലഭിച്ചവരുടെ എണ്ണം

1800 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂരഹിത–ഭവനരഹിതർക്കായി നടപ്പാക്കിയ ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം എത്രയാളുകൾക്ക് വീട് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിക്കായി തയ്യാറാക്കിയ ലിസ്റ്റിൽ എത്രപേർക്കാണ് ഓരോ പഞ്ചായത്തിലും ആനുകൂല്യം ലഭിക്കാതെ പോയത് എന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഇത്തരമാളുകൾക്ക് ഭൂമിയും വീടും നൽകുന്നതിനായി ഏതെങ്കിലും പുതിയ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ, എന്നുമുതൽ ഇത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>തെരുവുവിളക്കുകളുടെ മെയിന്റനൻസിന് അധികതുക</u>

1801 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് മേഖലകളിലെ കേടായ തെരുവുവിളക്കുകൾ (സി.എഫ്.എൽ., ട്യൂബ് ലൈറ്റ്) യഥാസമയം മാറ്റി സ്ഥാപിക്കുന്നതിനും, മെയിന്റനൻസ് നടത്തുന്നതിനും ഗ്രാമപഞ്ചായത്തുകൾ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി അധികതുക അനുവദിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യകെട്ടിടങ്ങളുടെ മുകളിൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ</u>

1802 **ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യകെട്ടിടങ്ങളുടെ മുകളിൽ വിവിധ കമ്പനികളുടെ ടെലികമ്മൂണിക്കേഷൻ ടവറുകൾ സ്ഥാപിച്ചിട്ടുള്ളത് സംബന്ധിച്ച കണക്കുകൾ ജില്ല തിരിച്ച് എത്രവീതമെന്ന് ലഭ്യമാക്കുമോ;

(ബി) സ്വകാര്യ വ്യക്തികൾക്ക് പ്രസ്തുത കമ്പനി നൽകുന്ന പ്രതിമാസ വാടകയുടെ അടിസ്ഥാനത്തിൽ വാർഷിക വാടകമൂല്യം എത്രയാണ്;

(സി) ഈ സർക്കാർ വാടകയുടെ അടിസ്ഥാനത്തിൽ വാർഷിക വാടകമൂല്യം പുനർ നിർണ്ണയിക്കുകയും വസ്തു നികുതിയിൽ ആനുപാതിക വർദ്ധനവു വരുത്തുകയും ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുമൂലം തദ്ദേശസ്ഥാപനങ്ങളുടെ തനതു വരുമാനം എത്രകണ്ടു വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ വീടുവയ്ക്കുവാൻ ലാന്റ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള മാനദണ്ഡം</u>

1803 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ വീട് വയ്ക്കുന്നതിന് ലാന്റ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാൻ നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾ എന്തെല്ലാം;

(ബി) ലാന്റ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയാൽ എത്ര സമയത്തിനുള്ളിൽ അനുവദിക്കപ്പെടും എന്ന് വ്യക്തമാക്കുമോ;

(സി) ലാന്റ് യൂട്ടിലൈസേഷൻ സർക്കിഫിക്കറ്റിന് സമർപ്പിക്കുന്ന അപേക്ഷകൾ തീർപ്പാവുന്നതിൽ വലിയ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>വിവാഹ രജിസ്ട്രേഷന് ജില്ലാ രജിസ്ട്രാറുടെ അനുമതി</u>

1804 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പൊതുവിവാഹ രജിസ്റ്റർ നിയമ പ്രകാരം വിവാഹം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞാൽ വിവാഹം പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യാൻ ജില്ലാ രജിസ്ട്രാറുടെ അനുമതി വാങ്ങണമെന്നത് അപേക്ഷകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവാഹം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞാൽ പഞ്ചായത്തുകളിൽ തന്നെ പിഴയോട് കൂടി വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>വീട്ട് നമ്പർ</u>

1805 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മിക്കുകയും ഉടമ താമസിച്ചുകൊണ്ടിരിക്കുകയും എന്നാൽ ഇതുവരെ പഞ്ചായത്ത് നമ്പർ നൽകിയിട്ടില്ലാത്തതുമായ എല്ലാ വീടുകൾക്കും ഒരു നിശ്ചിത തീയതിയ്ക്കകം വീട്ട് നമ്പർ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) സാധാരണക്കാരായ അനേകം കുടുംബങ്ങൾ, വീട്ട് നമ്പർ കിട്ടാതെ വിഷമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ഗ്രാമസഭകൾ</u>

1806 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഏറ്റവും ജനശ്രദ്ധ പിടിച്ചുപറ്റിയ ഗ്രാമസഭകൾ നിർബന്ധപൂർവ്വം വിളിച്ചു ചേർക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഗ്രാമസഭകൾ വിളിച്ചുചേർക്കാതെ തന്നെ പദ്ധതികൾ രൂപപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ഗ്രാമസഭകളുടെ തീരുമാനങ്ങൾ നടപ്പിലാക്കാൻ നടപടി</u>

1807 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭകൾ കൈക്കൊള്ളുന്ന തീരുമാനങ്ങൾ കൃത്യമായി നടപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമ പഞ്ചായത്തുകളിലെ പ്രവർത്തനം ജനങ്ങൾക്ക് തൃപ്തികരമായി നടത്തുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മാസത്തിലൊരിക്കൽ നിശ്ചിത പഞ്ചായത്തുകളിൽ സന്ദർശനം നടത്തുന്നതിനും ജനങ്ങളുടെ ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനും നടപടികളുണ്ടാകുമോ;

(സി) പഞ്ചായത്തുകളുടെ പ്രവർത്തന നടത്തിപ്പിൽ ജനപ്രതിനിധികൾക്ക് കൂടുതൽ അധികാരം നൽകുന്നതിന് നടപടികളുണ്ടാകുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തംഗങ്ങൾക്ക് പെൻഷൻ</u>

1808

ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് നൽകുന്ന ഓണറേറിയം എത്ര രൂപയാണ്;

(ബി) ഈ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കാലാവധി പൂർത്തിയാക്കിയ ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് പെൻഷൻ**

1809 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് പെൻഷൻ നൽകുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ത്രിതല പഞ്ചായത്തംഗങ്ങൾക്ക് പെൻഷൻ</u>

1810 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തംഗങ്ങളായി സേവനമനുഷ്ഠിച്ചിട്ടുള്ള ജനപ്രതിനിധികൾക്ക് അവരുടെ സേവനം പരിഗണിച്ച് പെൻഷൻ നല്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ജനപ്രതിനിധികളായി പൊതു സേവനമനുഷ്ഠിച്ചവരുടെ സംരക്ഷണത്തിനായി പെൻഷൻ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കുടുംബശ്രീക്കാരുടെ സമരം</u>

1811 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുത്തിടെ സെക്രട്ടേറിയറ്റ് നടയിൽ രാത്രിയും പകലുമായി കുടുംബശ്രീ പ്രവർത്തകർ നടത്തിയ സമരത്തിനാധാരമായി ഉന്നയിച്ച ഡിമാന്റുകൾ എന്തെല്ലാമായിരുന്നു;

(ബി) പ്രസ്തുത സമരം എത്ര ദിവസം നീണ്ടുനിന്നു;

(സി) പ്രസ്തുത സമരം അവസാനിപ്പിക്കുന്നതിന് എന്തെങ്കിലും ഉറപ്പ് നൽകിയിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തു വകുപ്പിൽ പുതുതായി സൃഷ്ടിച്ച തസ്തികൾ</u>

1812 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പഞ്ചായത്തുവകുപ്പിൽ പുതുതായി ഏതൊക്കെ തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്;വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ പുതുതായി അനുവദിച്ച തസ്തികകൾ</u>

1813 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പഞ്ചായത്ത് വകുപ്പിൽ എത്ര തസ്തികകളാണ് പുതിയതായി അനുവദിച്ചത്; തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) പുതിയതായി അനുവദിച്ച അസിസ്റ്റന്റ് സെക്രട്ടറിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

## പഞ്ചായത്ത് വകുപ്പില്‍ തസ്തികകള്‍

1814 ശ്രീ. കെ.എന്‍.എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്ത് വകുപ്പില്‍ അസി. എഞ്ചിനീയര്‍മാരുടെയും ഓവര്‍സിയര്‍മാരുടെയും ഇതര ജീവനക്കാരുടെയും തസ്തികകള്‍ നികത്തുവാന്‍, എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കൂടുതല്‍ തസ്തികകള്‍ സൃഷ്ടിക്കുവാന്‍ ഉദ്ദേശ്യമുണ്ടോ;

(സി) പുതുതായി സൃഷ്ടിക്കുന്ന തസ്തികകളില്‍ നിയമനം പൂര്‍ത്തീകരിക്കുവാന്‍ എന്നത്തേയ്ക്ക് സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>പഞ്ചായത്ത് വകുപ്പിലെ ക്ലാസ് ഫോർ കണ്ടിജന്റ് ജീവനക്കാരുടെ പ്രൊമോഷൻ</u>

1815 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിലെ ക്ലാസ്സ് ഫോർ കണ്ടിജന്റ് ജീവനക്കാർക്ക്, ക്ലാസ്സ് ത്രീ തസ്തികയിലേയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന പ്രൊമോഷന് നിലവിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്ത് വകുപ്പിലെ പ്രസ്തുതവിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ അവസാനമായി നൽകിയത് ഏതു വർഷമാണ്;

(സി) ക്ലാസ്സ് ഫോർ ജീവനക്കാരുടെ പ്രൊമോഷൻ നിർത്തിവെച്ചത് പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

**പഞ്ചായത്തുകളിൽ ക്ലാർക്കുമാരുടെ കൂടുതൽ തസ്തികകൾ**

1816 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ക്ലാർക്കുമാരുടെ കൂടുതൽ തസ്തികകൾ ആവശ്യമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുമോ;

(സി) പുതിയ തസ്തികകൾ സൃഷ്ടിച്ചോ; റീ-ഡിപ്ലോയ്മെന്റ് വഴിയോ ഇക്കാര്യത്തിൽ, നടപടി സ്വീകരിക്കുമോ;

(ഡി) പഞ്ചായത്തുകളിൽ എത്ര ക്ലാർക്കുമാരുടെ ഒഴിവുകൾ ഉണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണവകുപ്പിലെ വ്യാപകമായ സ്ഥലംമാറ്റങ്ങൾ</u>

1817 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ, സാമ്പത്തികവർഷത്തിന്റെ അവസാനകാലത്ത് വ്യാപകമായ സ്ഥലം മാറ്റങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലംമാറ്റങ്ങൾ പദ്ധതി പ്രവർത്തനത്തെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയത്പോലെ, വർഷത്തിലൊരിക്കൽ മാത്രം പൊതുസ്ഥലംമാറ്റം നടത്തിയും അതിനുശേഷം വരുന്ന ഒഴിവുകൾ ക്യൂ ലിസ്റ്റിൽ നിന്നും നികത്തുന്നതുമായ രീതി തുടരാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ ജോലിഭാരം

1818 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) സമിതി റിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

പഞ്ചായത്ത് അനുബന്ധ സ്ഥാപനങ്ങളിലെ
സ്ഥിരജീവനക്കാരുടെ എണ്ണം

1819 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളിൽ പി.എസ്.സി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ വഴിയല്ലാതെ നിയമനം നൽകി സ്ഥിരപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ എണ്ണം സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഇവരിൽ, അടുത്തൂൺ പറ്റിപ്പിരിഞ്ഞവർക്ക് പെൻഷൻ നൽകാൻ എത്ര തുക ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളിൽ ഉദ്യോഗസ്ഥരുടെ
താല്ക്കാലിക നിയമനം

1820

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും സേവനം ലഭ്യമല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ദിവസവേതനത്തിനോ മാസവേതനത്തിനോ ഇവരെ നിയമിക്കുവാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത അധികാരം നൽകിയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ആശ്രയ പദ്ധതി</u>

1821 ശ്രീ. കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രയപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(സി) പ്രസ്തുത പദ്ധതി എത്ര ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പാക്കുന്നത്;

(ഡി) ഇതുവരെ നടപ്പാക്കാത്ത പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>'ആശ്രയ' രണ്ടാംഘട്ടപദ്ധതി</u>

1822 ശ്രീ. കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ആശ്രയ' രണ്ടാംഘട്ടപദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഒന്നാംഘട്ടപദ്ധതിയിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് ഇതിൽ വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം പ്രാരംഭനടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>ആശ്രയ പദ്ധതി</u>

1823

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾക്കെല്ലാം ഒന്നാം ഘട്ട സഹായം ലഭ്യമാക്കിയിട്ടുണ്ടോ; നാളിതുവരെ എത്ര പേർക്ക് സഹായം ലഭ്യമാക്കുകയുണ്ടായി; അവശേഷിക്കുന്നവരെത്ര;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് പ്രത്യേകമായി സംസ്ഥാന ഗവൺമെന്റ് അനുവദിച്ച തുക എത്ര; ഏത് ഹെഡ്ഡിൽ;

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കാൻ എന്തു തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>'സ്നേഹപൂർവ്വം' പദ്ധതി</u>

1824 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന 'സ്നേഹ പൂർവ്വം' പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) 'സ്നേഹപൂർവ്വം' പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമതൽ; നിലവിൽ എത്രപേർക്ക് ഈ പദ്ധതിയിലൂടെ ധനസഹായം നൽകി വരുന്നു. വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിന് എന്തൊക്കെമാനദണ്ഡങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>'സ്നേഹപൂർവ്വം' പദ്ധതി</u>

1825 ശ്രീ. സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സ്നേഹപൂർവ്വം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) മാതാപിതാക്കൾ ഇല്ലാത്ത വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായാണു നടപ്പാക്കിവരുന്നത്;

(ഡി) പ്രസ്തുത പദ്ധതി കോളേജുതലത്തിലേയ്ക്കു വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>'ആശ്വാസ് കിരൺ' പദ്ധതി</u>

1826 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ആശ്വാസ് കിരൺ' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത രോഗികൾക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഡോക്ടർമാരുടെ മുന്നിൽ രോഗികളെ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം രോഗികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം വയോമിത്രം പദ്ധതിയിലും എൻ.ആർ.എച്ച്.എം പദ്ധതിയിലും നിയമിതരായ ഡോക്ടർമാർക്ക് കൂടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**11.02.2013-ലെ മറുപടിക്ക്**

<u>വിശപ്പുരഹിത നഗരം പദ്ധതി</u>

1827 ശ്രീ. പി.കെ. ബഷീർ
,, എൻ. ഷംസുദ്ദീൻ
,, പി. ഉബൈദുള്ള
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന വിശപ്പുരഹിത നഗരം പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ; ആയത് വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത് എവിടെയൊക്കെയാണ് നടപ്പിലാക്കിയിട്ടുളളത്;

(ബി) പ്രസ്തുത പദ്ധതി മറ്റു ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആശുപത്രി രോഗികളുടെ കൂട്ടിരിപ്പുകാർക്കു കൂടി പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് എന്തു തുക ഇതേ വരെ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>നിർഭയ ഷെൽട്ടർ ഹോമുകൾ</u>

1828 ശ്രീ. പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവ പ്രവർത്തിക്കുന്നത്;വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതിന്റെ പ്രവർത്തനം സംസ്ഥാനത്ത് എല്ലായിടത്തേക്കും വ്യാപിപ്പിക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>നിർഭയ പദ്ധതി</u>

1829 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർഭയ പദ്ധതിയനുസരിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകളിൽ എത്രയെണ്ണത്തിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഈ പദ്ധതി കൂടുതൽ ശക്തമാക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>നിർഭയ പദ്ധതി</u>

1830 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടേയും കുട്ടികളുടേയും സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടി നിർഭയ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ആയതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നാളിതുവരെ പ്രസിദ്ധീകരിച്ച ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് സഹിതം അറിയിക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>വയോജന കൺട്രോൾ ബോർഡ്</u>

1831 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വയോജന കൺട്രോൾ ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇതിനായി എന്തൊക്കെ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>വയോജനങ്ങളുടെ സംരക്ഷണം</u>

1832 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിചരിക്കാനാളില്ലാത്ത വയോജനങ്ങളുടെ സംരക്ഷണത്തിന്, എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) സാധാരണ കെയർ ഹോമുകളുടെ പരിധിയിലോ, ആശുപത്രികളുടെ ഇൻപേഷ്യന്റ് വിഭാഗത്തിലോപ്പെടാത്തതും, എന്നാൽ ശുശ്രൂഷിക്കാൻ ആളില്ലാത്തതും മരണാസന്നരും ചികിത്സിച്ചിട്ട് പ്രയോജനമില്ലാത്തതുമായ രോഗികളെ സംരക്ഷിക്കുന്നതിന് സംസ്ഥാനത്ത് ഇപ്പോൾ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരക്കാരെ സംരക്ഷിക്കുന്നതിന് വികസിത രാജ്യങ്ങളിൽ നിലവിലുള്ള കൺവാസലന്റ് ഹോം എല്ലാ മെഡിക്കൽ കോളേജുകളും കേന്ദ്രീകരിച്ച്കൊണ്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>തന്റേടംജന്റർ പദ്ധതി</u>

1833 ശ്രീ. റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തന്റേടംജന്റർ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി വിജയിപ്പിക്കുന്നതിന് വേണ്ടത്ര പ്രചാരണം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഈ പദ്ധതി, സംസ്ഥാനത്തുടനീളം വ്യാപകമാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ജൻഡർ പാർക്ക്

1834 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് വെള്ളിമാട് കുന്നിൽ ആരംഭിക്കുന്ന ജൻഡർ പാർക്കിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കേരളത്തെ ഭിക്ഷാടനരഹിത മക്ത സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള നടപടികൾ</u>

1835 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരുവിൽ അലഞ്ഞ് തിരിയുന്ന ഭിക്ഷക്കാരെ കസ്റ്റഡിയിൽ എടുത്ത് സംരക്ഷണ ഭവനങ്ങളിൽ എത്തിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉളളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ആളുകളിൽ വിവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവരും മാനസികരോഗങ്ങൾ, പകർച്ചാവ്യാധികൾ എന്നിവ പിടിപെട്ടിട്ടുളളവരും ഉണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലുളള സ്ഥാപനങ്ങളിൽ ഈ വിഭാഗം ആളുകളെ ഉൾക്കൊളളുവാൻ കഴിയുന്നില്ല എന്നത് കണക്കിലെടുത്ത് അവരെ കസ്റ്റഡിയിൽ എടുത്ത് ആവശ്യമായ വൈദ്യപരിശോധനയും മാനസികപരിശോധനയും നടത്തി യുക്തമായ സ്ഥാപനങ്ങളിലേയ്ക്ക് പുന:ക്രമീകരിക്കുന്നതിന് ജില്ലാ ആസ്ഥാനങ്ങളിൽ ഓരോ ഷെൽറ്റർ ഹോമുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) തിരുവിതാംകൂർ രാജഭരണ പ്രദേശത്ത് നിലവിലുണ്ടായിരുന്ന ട്രാവൻകൂർ ബെഗറി പ്രിവൻഷൻ ആക്ട്, കൊച്ചി രാജ്യത്തിന്റെ പരിധിയിൽപ്പെടുന്ന ജില്ലകളിലെ കൊച്ചി വാഗരണി ആക്ട് മലബാർ മേഖല ഉൾപ്പെടുന്ന ജില്ലകളിൽ ഉണ്ടായിരുന്ന മദ്രാസ് ബെഗറി പ്രിവൻഷൻ ആക്ട് എന്നിവ ക്രോഡീകരിച്ച് കേരളത്തെ ഭിക്ഷാടനരഹിത സംസ്ഥാനമാക്കുവാൻ കേരള ബെഗറി പ്രിവൻഷൻ ആക്ട് പാസ്സാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കെതിരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ</u>

1836 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീശാക്തീകരണത്തിന് നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് തടയുന്നതിനായി പുതിയ നിയമനിർമ്മാണത്തിന് സാമൂഹ്യക്ഷേമ വകുപ്പ് ആലോചിക്കുന്നുണ്ടോ;

(സി) നിലവിലുള്ള കേസ്സുകൾ അതിവേഗം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പുനരധിവാസകേന്ദ്രം</u>

1837 **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കേന്ദ്രം എവിടെയാണ് സ്ഥാപിക്കുന്നത് എന്നും ഇത് സംബന്ധിച്ച നടപടികൾ ഏതുവരെയായെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ഷീ- ടോയ്‌ലറ്റ്

1838 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വനിതകള്‍ക്കായി സംസ്ഥാനത്ത് സ്ഥാപിക്കുന്ന 'ഷീ-ടോയ്‌ലറ്റ്' ഇപ്പോള്‍ ഏതെല്ലാം ജില്ലകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി, കൂടുതല്‍ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കില്‍, വിശദാംശങ്ങള്‍ നല്കുമോ;

(ഡി) ഈ പദ്ധതിപ്രകാരം ഒരു 'ഷീ ടോയ്‌ലറ്റ്' സ്ഥാപിക്കുന്നതിന് എത്ര രൂപ ചെലവ് വരുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ</u>

1839 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ 2007–08, 2008–09 എന്നീ വർഷങ്ങളിൽ വികലാംഗർക്ക് സഹായ ഉപകരണങ്ങൾ വിതരണം നടത്തിയിട്ടുണ്ടോ;

(ബി) അതിനായി, ഓരോ വർഷവും എത്ര തുകയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്;

(സി) എത്ര തുകയുടെ ഉപകരണങ്ങൾ, കോർപ്പറേഷന്റെ നിർമ്മാണ യൂണിറ്റിൽ, നിർമ്മിച്ച് നൽകിയിട്ടുണ്ട്;

(ഡി) ഓരോ വർഷവും വാങ്ങിയതിൽ, എത്ര തുകയ്ക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തു എന്നും ഓരോ വർഷവും എത്ര ഗുണഭോക്താക്കൾക്ക് അതിന്റെ പ്രയോജനം ലഭിച്ചു എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

വികലാംഗരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ

1840 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 1999 ആഗസ്റ്റിനും 2001 ഡിസംബർ 31-നും ഇടയിൽ താല്ക്കാലിക നിമയനം ലഭിച്ച് 179 ദിവസത്തെ സേവനം പൂർത്തിയാക്കിയ വികലാംഗരെ, സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി, എത്രപേർക്ക് ജോലി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത നടപടി ഇപ്പോൾ, ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>വികലാംഗ ദിനത്തിൽ വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തി ഉത്തരവിറക്കൽ</u>

1841 ശ്രീ. പി.തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1999 ആഗസ്ത് 16 മുതൽ 2003 ഡിസംബർ 31 വരെയുള്ള കാലയളവിൽ നിയമിക്കപ്പെടുകയും 179 ദിവസം പൂർത്തിയാക്കുകയും ചെയ്ത വികലാംഗരായ താൽക്കാലിക ജീവനക്കാരെ, അതാത് വകുപ്പുകളിൽ സ്ഥിരപ്പെടുത്തിക്കൊണ്ട്, വികലാംഗദിനത്തിൽ ഉത്തരവിറക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഉത്തരവിറക്കിയിട്ടുണ്ടെങ്കിൽ, ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിലൂടെ എത്രപേർക്ക് നിയമനം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിൽ ഉൾപ്പെടാൻ അർഹതയുള്ളവർ മുൻപ് ഇറങ്ങിയിട്ടുള്ള ഇതേ സ്വഭാവമുള്ള മറ്റൊരുത്തരവിൽ ഉൾപ്പെടുകയും നിയമനം ലഭിക്കുകയും ചെയ്താൽ അവരെ പുതിയ ഉത്തരവിൽ ഉൾപ്പെടുത്താതിരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നും അത് എന്തു കാരണം കൊണ്ടാണെന്നും വ്യക്തമാക്കുമോ;

(ഡി) മെച്ചപ്പെട്ട മറ്റൊരു ജോലിക്ക് അർഹതയുള്ള വികലാംഗർക്ക് അതിന് അവസരം നൽകാതിരിക്കലല്ലേ അതിലൂടെ ഉണ്ടാവുക എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത കാലയളവിലെ മുഴുവൻ വികലാംഗരെയും പുതിയ ഉത്തരവിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷനുകൾ</u>

1842 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ, ബാങ്ക് വഴി നൽകുന്ന പദ്ധതി, ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേമപെൻഷനുകൾ ബാങ്ക് വഴി നൽകുന്നതുകൊണ്ട് വൃദ്ധരും അവശരുമായ ഗുണഭോക്താക്കൾക്ക് ലഭിയ്ക്കുന്ന പ്രത്യേക പ്രയോജനമെന്താണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>സാമൂഹ്യ സുരക്ഷാ പെൻഷനുകൾ</u>

1843 ശ്രീ. കെ.കെ.ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലുളള വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളും അവ ലഭിക്കുന്നതിനുളള മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഇപ്പോൾ ബാങ്കുകൾ വഴി വിതരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ, നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലായി എന്നതു സംബന്ധിച്ച് വിശദാംശം നൽകാമോ;

(സി) ശയ്യാലംബരായ പെൻഷൻകാർക്ക്, ബാങ്കുകൾ മുഖാന്തിരം പെൻഷൻ വിതരണം നടത്തുമ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഇവരുടെ പെൻഷൻ മണിയോർഡറായി വീട്ടിൽ എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>ചൈൽഡ് ലൈൻ സർവ്വീസ്</u>

1844 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചൈൽഡ് ലൈൻ സർവ്വീസ് പ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളിൽ, എത്ര പേർ നടപടിക്കു വിധേയരായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിപ്രകാരം അധ്യാപകർ, സർക്കാർ ജീവനക്കാർ എന്നിവരുടെ പേരിൽ എത്ര കേസുകൾ എടുത്തിട്ടുണ്ടെന്നും നടപടി എടുത്തിട്ടുണ്ടെന്നും, വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ പാസ്സാക്കുന്നതിന് സമയപരിധി

1845 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ലഭിക്കുന്ന വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ പാസ്സാക്കുന്നതിന് സർക്കാർ, സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) 2012 ഡിസംബർ 31 വരെ ഏതൊക്കെ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിലാണ് വീഴ്ച വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ക്ഷേമ പെൻഷനുകൾ കുടിശ്ശിക വരുത്തിയിട്ടുള്ളത് എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>പുതുക്കിയ വാർദ്ധക്യകാല പെൻഷൻ</u>

1846 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 80 വയസ്സ് കഴിഞ്ഞ വൃദ്ധജനങ്ങൾക്ക് വാർദ്ധക്യകാലപെൻഷൻ എത്ര രൂപയാണ് ഇപ്പോൾ നൽകുന്നത്;

(ബി) പുതുക്കിയ പെൻഷൻ എന്ന് മുതലാണ് നിലവിൽവന്നത്; ഇപ്പോൾ, എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ട്?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷൻ</u>

1847 ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. മാത്യൂ റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷൻകാരുടെ വരുമാനപരിധി, പുനർനിർണ്ണയിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഇപ്പോഴത്തെ വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) രോഗികൾക്കുള്ള പെൻഷൻ പദ്ധതിയിൽ വൃക്കരോഗം, ഹൃദ്രോഗം എന്നിവ ഉൾപ്പെടുത്താത്തതുമൂലം പ്രസ്തുത രോഗികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>മിശ്രവിവാഹിതർക്ക് ധനസഹായം</u>

1848 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതർക്ക് സർക്കാർ നൽകിവരുന്ന ധനസഹായം എത്രയെന്നും, സഹായധനം അനുവദിക്കാനുള്ള മാനദണ്ഡം എന്തെന്നും വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ മിശ്രവിവാഹിതർക്കു നൽകുന്ന സാമ്പത്തികസഹായം എത്ര ആളുകൾക്കു ൽകിയിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്താകെയും, കോട്ടയം ജില്ലയിലും മിശ്രവിവാഹിതർക്കുള്ള ധനസഹായത്തിനുള്ള അപേക്ഷയിന്മേൽ എത്ര ആളുകൾക്ക് സഹായം അനുവദിക്കാനുണ്ടെന്നും, അപേക്ഷകൾ എന്നുമുതലുള്ളതാണെന്നും വെളിപ്പെടുത്തുമോ;

(ഡി) സാമ്പത്തികസഹായം അനുവദിക്കുവാൻ കാലതാമസം നേരിടുന്നുവെങ്കിൽ ആയതിന്റെ കാരണമെന്തെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>മാതാപിതാക്കളില്ലാത്ത വിദ്യാർത്ഥികളുടെ എണ്ണം</u>

1849 ഡോ. ടി.എം.തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതാപിതാക്കളില്ലാത്ത വിദ്യാർത്ഥികൾ നിലവിൽ എത്രയാണ്; ഇതിൽ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുളളവരെത്ര; വിശദാംശങ്ങൾ, ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സാമൂഹ്യക്ഷേമ വകുപ്പ് വഴി നടപ്പാക്കുന്ന സ്നേഹപൂർവ്വം പദ്ധതിയിൻ കീഴിൽ എത്ര വിദ്യാർത്ഥികൾക്ക് ഇപ്പോൾ സഹായം നൽകി വരുന്നുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ; അർഹതപ്പെട്ട എല്ലാവർക്കും സഹായം ലഭ്യമാക്കാൻ സാദ്ധ്യമായിട്ടുണ്ടോ; ഈ പദ്ധതി കോളേജ് തലത്തിലേക്ക് വ്യാപിപ്പിച്ച്കൊണ്ട് തീരുമാനം എടുത്തിട്ടുണ്ടോ; എത്ര പേർക്ക് സഹായം കൊടുത്തിട്ടുണ്ട്; പ്രതീക്ഷിക്കുന്ന ചെലവ് എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിയിലേക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തപ്പെട്ടിട്ടുണ്ടോ; കോളേജ് തലത്തിൽ ഈ സഹായം നൽകാൻ ആവശ്യമായ മൊത്തം തുക എത്ര; ബഡ്ജറ്റിലെ പ്രൊവിഷൻ എത്ര?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റ് സർജറി</u>

1850 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക്, കോക്ലിയർ ഇംപ്ലാന്റ് സർജറിയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ശസ്ത്രക്രിയക്കായി, എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതി, ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത്?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി</u>

1851 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിപ്രകാരം ഇതുവരെ എത്ര കുട്ടികൾക്ക് ധനസഹായം നല്കിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിപ്രകാരം എത്ര തുക വിനിയോഗിച്ചെന്ന് വിശദമാക്കുമോ;

(സി) തുക വിനിയോഗം സംബന്ധിച്ച്, ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>കോക്ലിയര്‍ ഇംപ്ലാന്റേഷന്‍ പദ്ധതി പ്രകാരം പുതുക്കാട് മണ്ഡലത്തില്‍ നിന്നും ലഭിച്ച അപേക്ഷകള്‍</u>

1852 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോക്ലിയര്‍ ഇംപ്ലാന്റേഷന്‍ പദ്ധതിയില്‍ നിന്നും ആനുകൂല്യങ്ങള്‍ ലഭിക്കുന്നതിനായി പുതുക്കാട് മണ്ഡലത്തില്‍ നിന്നും എത്ര അപേക്ഷകള്‍ ലഭ്യമായിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ലഭിച്ച അപേക്ഷകളില്‍ എത്ര എണ്ണം അനുവദിക്കുകയുണ്ടായി എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ എത്ര അപേക്ഷകളാണ് ഇനി തീര്‍പ്പ് കല്‍പ്പിക്കാതെ ഇരിക്കുന്നത് എന്ന് വിശദമാക്കാമോ;

(ഡി) നിലവിലുള്ള പ്രായപരിധി മാറ്റുന്നതിന് സര്‍ക്കാര്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി</u>

1853 ശ്രീ. വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഈ പദ്ധതി ഏതെല്ലാം വകുപ്പിന്റെയും ഏജൻസികളുടെയും സഹകരണത്തോടെയാണ് നടപ്പാക്കുന്നത്;

(സി) പ്രസ്തുത പദ്ധതി അനുസരിച്ച് ചികിത്സയ്ക്കുള്ള ചെലവ് എത്ര വരെയാണ് സർക്കാർ വഹിക്കുന്നത്;

(ഡി) ബധിര-മൂകരായ കുട്ടികൾക്ക് ശ്രവണശേഷി ലഭിക്കുന്നതിനുള്ള ചികിത്സ ഇതുവരെ എത്ര പേർക്ക് നൽകിയിട്ടുണ്ട്?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>2012-13 ലെ ബഡ്ജറ്റിൽ സാമൂഹികക്ഷേമ വകുപ്പിനു കീഴിൽ വകയിരുത്തിയ പദ്ധതി-പദ്ധതിയേതര തുക</u>

1854 **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ ബഡ്ജറ്റിൽ സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ ഓരോ ഇനത്തിലും വകയിരുത്തിയ പദ്ധതി-പദ്ധതിയേതര തുകയും ഇതുവരെയുള്ള ചെലവു വിവര പട്ടികയും നൽകാമോ;

(ബി) 2012-13 സാമ്പത്തിക വർഷം സാമൂഹ്യക്ഷേമ വകുപ്പിൽ അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

'ശ്രുതി തരംഗം' പദ്ധതി

T1855 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയാ പദ്ധതിയായ ശ്രുതി തരംഗം പദ്ധയിൽ അർഹരായ എല്ലാ കുട്ടികളെയും പ്രായപരിധിയില്ലാതെ ഉൾപ്പെടുത്തുമെന്ന് ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അതു നടപ്പാക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിലേക്ക് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>സംയോജിത ശിശു സംരക്ഷണ പരിപാടി</u>

1856 ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. പി. തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ സംരക്ഷണത്തിനായി കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ച സംയോജിത ശിശു സംരക്ഷണ പരിപാടി (ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച സഹായം നഷ്ടമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(സി) ഈ പദ്ധതിയ്ക്കായുള്ള സംസ്ഥാന വിഹിതം എത്ര ആയിരുന്നു; ഈ തുക സംസ്ഥാന ഗവൺമെന്റ് അനുവദിച്ചിട്ടുണ്ടോ; സംസ്ഥാന വിഹിതം അനുവദിക്കാത്തതുകൊണ്ടാണ് കേന്ദ്ര വിഹിതം നഷ്ടമായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി അഡീഷണല്‍ ഐ. സി. ഡി. എസ് പ്രോജക്ട് ആഫീസിന്റെ കെട്ടിടനിര്‍മ്മാണ പ്രവൃത്തിയുടെ പുരോഗതി</u>

1857 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയിലെ കല്ല്യാശ്ശേരി അഡീഷണല്‍ ഐ. സി. ഡി. എസ്. പ്രോജക്ട് ആഫീസിന്റെ കെട്ടിടനിര്‍മ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) കെട്ടിട നിര്‍മ്മാണം എന്നേക്ക് പൂര്‍ത്തിയാക്കാന്‍ കഴിയും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ അംഗനവാടികൾ</u>

1858 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര അംഗനവാടികൾ ഉണ്ട്;

(ബി) ജില്ലയിൽ എത്ര അംഗനവാടികൾക്കാണ്ട് സ്വന്തമായി കെട്ടിടങ്ങളുള്ളത്;

(സി) കെട്ടിടമില്ലാത്ത അംഗനവാടികൾക്കു സ്വന്തമായി കെട്ടിടമുണ്ടാ ക്കുന്നതിന് എന്തു നടപടികളാണു സ്വീകരിച്ചുവരുന്നത്;

(ഡി) അംഗനവാടികളുടെ ഉന്നമനത്തിനായി കാസർഗോഡ് ജില്ലയിൽ എത്ര രൂപയാണ് വർഷംതോറും ചെലവഴിക്കുന്നത്?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>കുഴൽമന്ദം ഗ്രാമപഞ്ചായത്തിൽ അംഗൻവാടി</u>

1859 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം ഗ്രാമപഞ്ചായത്തിൽ പഞ്ഞിറോഡ് ഒരു അംഗനവാടി അനുവദിക്കുന്നതിലേയ്ക്കായി പ്രൊപ്പോസൽ നൽകിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അംഗനവാടി അനുവദിക്കുന്നതിനായി നൽകിയ അപേക്ഷ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) പഞ്ഞിറോഡ് അംഗനവാടി അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>വാമനപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികളുടെ ലിസ്റ്റ്</u>

1860 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ, ഓരോ പഞ്ചായത്തിലും പ്രവർത്തിക്കുന്ന അംഗനവാടികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഇവയിൽ, സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ ഏതെല്ലാം; വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവ ഏതെല്ലാം;

(സി) വാടകയിനത്തിൽ ഒരു വർഷം എത്ര തുക ചെലവാകുന്നുവെന്ന് വിശദമാക്കുമോ;

(ഡി) സ്വന്തം കെട്ടിടമില്ലാത്ത അംഗനവാടികൾക്ക്, പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം സ്കീമുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

**ആർ. ഐ. ഡി. എഫ്. പദ്ധതിയിലെ അംഗൻവാടി നിർമ്മാണവും നവീകരണവും**

1861 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ആർ. ഐ. ഡി. എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ നിയോജകമണ്ഡലത്തിലേയും എത്ര അംഗൻവാടികൾവീതമാണ് നവീകരിക്കാനോ പുതുതായി നിർമ്മിക്കാനോ തെരഞ്ഞെടുക്കുന്നത് എന്നു പറയുമോ; ചേർത്തലമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലും ചേർത്തല മുനിസിപ്പാലിറ്റിയിലുമായി എത്ര അംഗൻവാടികൾ ഇതിനായി തെരഞ്ഞെടുത്തുയെന്നും അവ ഏതെല്ലാമാണെന്നും പറയുമോ;

(ബി) ആർ. ഐ. ഡി. എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി അംഗൻവാടികൾ പുതുതായി നിർമ്മിക്കുന്നതിനുവേണ്ട നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കുമോ;

(സി) സ്വന്തമായി സ്ഥലം വാങ്ങാൻ സാമ്പത്തിക സ്ഥിതിയില്ലാത്തതിനാലും സൗജന്യമായി സ്ഥലം വിട്ടുകിട്ടാത്തതിനാലും അംഗൻവാടികൾക്ക് കെട്ടിടത്തിന് 5 സെന്റ് സ്ഥലമില്ലാത്ത ഒട്ടേറെ കേസുകളുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആർ. ഐ. ഡി. എഫ് പദ്ധതി പ്രകാരം 5 സെന്റിൽ താഴെ ഭൂമിയുള്ള അംഗനവാടികൾക്കുകൂടി കെട്ടിടം നിർമ്മിച്ചുകിട്ടുവാൻ സർക്കാർ ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>അംഗനവാടികളുടെ പ്രവർത്തനം</u>

1862 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അംഗനവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) 2012–13 സാമ്പത്തിക വർഷത്തിൽ, അംഗനവാടികളുടെ പ്രവർത്തനത്തിനായി എത്ര രൂപ അനുവദിച്ചു എന്നും ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(സി) അംഗനവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

അംഗനവാടികൾ

1863 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ മാവേലിക്കര മണ്ഡലത്തിൽ എത്ര അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്വന്തമായി സ്ഥലമുള്ള എത്ര അംഗനവാടികൾ ഉണ്ടെന്നു വ്യക്തമാക്കുമോ;

(സി) എത്ര സ്ഥലം വീതം ഓരോ അംഗനവാടിക്കും ഉണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഏതൊക്കെ അംഗനവാടികൾക്ക് കെട്ടിടം പണിയുന്നതിനാവശ്യമായ ധനസഹായം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) കെട്ടിടത്തിനുള്ള ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട എം.എൽ.എ കത്ത് നൽകിയത് ഏതൊക്കെ അംഗനവാടികൾക്കുവേണ്ടിയാണ്; ഇതിനുമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

## മാതൃകാ അംഗനവാടി പദ്ധതി

1864 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാതൃകാ അംഗനവാടി പദ്ധതി പ്രകാരം അംഗനവാടികള്‍ ഓരോ നിയോജകമണ്ഡലത്തിലും സ്ഥാപിക്കുന്നതിന്റെ പ്രവര്‍ത്തനങ്ങള്‍ ഏതു ഘട്ടത്തിലാണ്;

(ബി) മാതൃകാ അംഗനവാടി സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെ;

(സി) കൗമാരക്കാരായ പെണ്‍കുട്ടികള്‍ക്കും മുതിര്‍ന്ന പൗരന്‍മാര്‍ക്കും പ്രയോജനപ്പെടുന്ന വിധത്തിലുള്ള സംവിധാനം ഏര്‍പ്പെടുത്തുമോ;

(ഡി) ഇത്തരം അംഗനവാടികളില്‍ ആഴ്ചയിലൊരിക്കല്‍ ഡോക്ടറുടെ സേവനം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>അംഗനവാടി നിർമ്മാണവും പുനർനിർമ്മാണവും</u>

1865 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ നബാർഡിന്റെ സഹായത്തോടെ ആർ.ഐ.ഡി.എഫ്. സ്കീംപ്രകാരം അംഗനവാടികൾ നിർമ്മിക്കുവാനും/പുനർനിർമ്മിക്കുവാനുമുള്ള പ്രൊപ്പോസലിൽ, സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) അങ്കമാലി നിയോജകമണ്ഡലത്തിൽനിന്നും ഇത് സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്, എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

കൊയിലാണ്ടിയിലെ അംഗൻവാടികളുടെ എണ്ണം

1866 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ആകെ എത്ര അംഗനവാടികൾ ഉണ്ട് എന്നത് പഞ്ചായത്ത്/നഗരസഭ എന്നിവ തിരിച്ച് എണ്ണം വ്യക്തമാക്കാമോ;

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികൾ ഏതെല്ലാം; പ്രസ്തുത അംഗനവാടികൾ ഏതേത് പഞ്ചായത്തിൽ ഏതേത് വാർഡുകളിൽ ആണ് എന്നും ഏത് സി.ഡി.പി.ഒ യുടെ അധികാരപരിധിയിൽ ആണ് എന്നും വ്യക്തമാക്കുമോ;

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലമുള്ളതും എന്നാൽ സ്വന്തമായി കെട്ടിടം ഇല്ലാതെ താൽകാലിക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ അംഗനവാടികൾ ഏതെല്ലാമെന്ന് പ്രസ്തുത അംഗനവാടികൾ ഏതേത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏതേത് വാർഡുകളിൽ ആണെന്നും വ്യക്തമാക്കുമോ;

(ഡി) സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം കുട്ടനാട്ടിൽ നിർമ്മിക്കുന്ന അംഗനവാടികൾ</u>

1867 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ ഏതെല്ലാം സ്ഥലങ്ങളിൽ ആണ് അംഗനവാടികൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഏത് അംഗനവാടിയാണ് മാതൃകാ അംഗനവാടിയായി നിർമ്മിക്കുവാൻ തീരുമാനിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

മാതൃകാ അംഗനവാടിയുടെ നിർമ്മാണം

1868 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നഗരൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ച മാതൃകാ അംഗനവാടി നിർമ്മാണം ആരംഭിക്കുവാൻ എന്തെങ്കിലും നിയമതടസ്സമുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ ;

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണ് ;

(ഡി) പ്രസ്തുത ഏജൻസിയുമായി എഗ്രിമെന്റ് വച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>അംഗനവാടി അനുവദിക്കുന്നതിന് നടപടി</u>

1869 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കൊല്ലങ്കോട് പഞ്ചായത്തിലുള്ള ആണ്ടികൊളമ്പ് നായാടി കോളനിയിലെ 70 ഓളം കുടുംബങ്ങളിലെ കുട്ടികളുടെ ക്ഷേമത്തിനായി ഈ പ്രദേശത്ത് ഒരു അംഗനവാടി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത കോളനിയിലെ കുട്ടികൾക്ക് അംഗനവാടിയിലൂടെ ലഭിക്കേണ്ട മുഴുവൻ ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>ശിശുക്ഷേമസമിതിയിലെ ക്രഷുകളിലെ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കൽ</u>

1870 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശിശുക്ഷേമസമിതിയിലെ ക്രഷുകളിലെ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, വേതനം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>അംഗനവാടി ജീവനക്കാര്‍ക്ക് ഓണറേറിയം വര്‍ദ്ധന</u>

1871 ശ്രീമതി ഇ.എസ്. ബിജിമോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അംഗനവാടി ജീവനക്കാര്‍ക്ക്, ഓണറേറിയം വര്‍ദ്ധിപ്പിച്ചതെന്നുമുതലാണ്; ഈയിനത്തില്‍ കുടിശ്ശികയുണ്ടോ; ഇല്ലെങ്കില്‍ ഏപ്രില്‍ മുതല്‍ ജൂലായ് വരെയുള്ള നാലുമാസത്തെ കുടിശ്ശിക നല്‍കിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ അതു നല്‍കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) അംഗനവാടി ജീവനക്കാര്‍ക്ക് ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ടോ; ഈ ക്ഷേമനിധി, ക്ഷേമനിധി ബോര്‍ഡാക്കി പ്രവര്‍ത്തനം മെച്ചപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ; എങ്കില്‍ ബോര്‍ഡാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു വരുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) അംഗനവാടി ജീവനക്കാരുടെ പ്രശ്നങ്ങള്‍ പരിഹരിക്കുന്നതിന് ഈ സര്‍ക്കാര്‍ എത്ര ചര്‍ച്ചകള്‍ നടത്തി; ഈ ചര്‍ച്ചകളില്‍ എടുത്ത പ്രധാന തീരുമാനങ്ങള്‍ എന്തെല്ലാമായിരുന്നുവെന്നു വ്യക്തമാക്കുമോ; ഈ തീരുമാനങ്ങള്‍ നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) പെന്‍ഷനായ അംഗനവാടി ജീവനക്കാര്‍ക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണു നല്‍കിവരുന്നതെന്നു വ്യക്തമാക്കുമോ; പെന്‍ഷന്‍ തുക വര്‍ദ്ധിപ്പിക്കാമെന്ന ആവശ്യത്തിന്മേല്‍ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഇ) പെന്‍ഷനായ ജീവനക്കാര്‍, താല്‍കാലികമായി ദിവസവേതന അടിസ്ഥാനത്തില്‍ ജോലി ചെയ്യുമ്പോള്‍, അവരില്‍ നിന്നും പെന്‍ഷന്‍തുക പിടിക്കാറുണ്ടോ; എങ്കില്‍, ഈ നടപടി നിറുത്തിവയ്ക്കുന്നതിന് നിര്‍ദ്ദേശം നല്‍കുമോ;

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

(എഫ്) പ്രസ്തുത ജീവനക്കാർക്ക്, മിനിമം ബോണസ് നൽകുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ ആർ. ഐ. ഡി. എഫ് പദ്ധതിയിൽ നിർമ്മിക്കുന്ന അംഗൻവാടി കെട്ടിടങ്ങൾ</u>

1872 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നബാർഡിന്റെ സഹായത്തോടെ ആർ.ഐ.ഡി.എഫ് (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്) സ്കീമിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ എത്ര അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അവയുടെ പേര് വിവരം സഹിതം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>അംഗനവാടി ജീവനക്കാർക്ക് ദാരിദ്ര്യലഘൂകരണ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ</u>

1873 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓണറേറിയം കൈപ്പറ്റുന്നതിനാൽ, അംഗൻവാടി വർക്കർമാർക്കും, ഹെൽപ്പർമാർക്കും സർക്കാരിന്റെ വിവിധ ദാരിദ്ര്യലഘൂകരണ പദ്ധതികളിലൂടെയുള്ള ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം കുട്ടികളുടെ വിവാഹധനസഹായം എന്നിവ അനുവദിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത്തരം ആനുകൂല്യം തുച്ഛവരുമാനക്കാരായ ഇവർക്കുകൂടി അനുവദിച്ചുകൊണ്ടുള്ള പ്രത്യേക ഉത്തരവിറക്കാമോ;

(സി) അല്ലായെങ്കിൽ ഇവർക്ക് ക്ലാസ്സ് ഫോർ ജീവനക്കാരുടെ ശമ്പളനിരക്ക് അനുവദിക്കുവാൻ നടപടിയെടുക്കുമോ; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ഫെബ്രുവരി 2.

“T” ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.